# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2552      17/08/2017-ൽ മറുപടിയ്ക്ക്

### പ്രീമിയം മദ്യസൂപ്പർ മാർക്കറ്റുകൾ

| ചോദ്യം<br>ശ്രീ. സണ്ണി ജോസഫ് | ഉത്തരം<br>ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) ബിവറേജസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് എത്ര പ്രീമിയം മദ്യസൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; | (എ) ബിവറേജസ് കോർപ്പറേഷന്റെ കീഴിൽ നിലവിൽ 23 സെൽഫ് ഹെൽപ്പ് പ്രീമിയം മദ്യ വില്പന ശാലകളും, 52 പ്രീമിയം മദ്യം വിൽക്കുന്ന കൗണ്ടറുകളും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) പ്രസ്തുത സൂപ്പർമാർക്കറ്റുകളിൽ എത്ര വിലയ്ക്ക് മുകളിലുള്ള മദ്യവും ബിയറുമാണ് വില്പനനടത്തിയിട്ടുള്ളത്; | (ബി) പ്രസ്തുത സൂപ്പർമാർക്കറ്റുകളിൽ 550/- രൂപയോ അതിനു മുകളിലോ വിലയുള്ള മദ്യവും 100/-രൂപയോ അതിനുമുകളിലോ വിലയുള്ള ബിയറുമാണ് വില്പന നടത്തിയിട്ടുള്ളത്. |
| (സി) പ്രസ്തുത പ്രീമിയം മദ്യസൂപ്പർ മാർക്കറ്റുകളിൽ വില കുറഞ്ഞ മദ്യം വിൽക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യമെന്താണെന്നും ഏത് തലത്തിലാണ് ഈ തീരുമാനം എടുത്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (സി) ബഹു.ഹൈക്കോടതിയുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഉപഭോക്താക്കൾക്ക് അധിക സൗകര്യം നല്കുന്നതിന്റെ ഭാഗമായി കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ വാടകയ്ക്കെടുക്കുവാനും ആയതിൽ സെൽഫ് ഹെൽപ്പ് വില്പനശാലകൾ തുടങ്ങുന്നതിനും, എല്ലാവിലയിലുമുള്ള മദ്യ ഇനങ്ങളും വില്ക്കുന്നതിനുമുള്ള കാര്യം പരിശോധിക്കുന്നതാണ്. ഈ വിഷയത്തിൽ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡാണ് തീരുമാനമെടുക്കേണ്ടത്. |
| (ഡി) മൊത്തം എടുക്കുന്ന മദ്യത്തിന്റെ എത്ര ശതമാനം കുറഞ്ഞ വിലയുള്ള മദ്യമായിരിക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്; | (ഡി) വിലകുറഞ്ഞ മദ്യഇനങ്ങളുടെ എല്ലാ വില്പനശാലകളിലെയും വില്പനയെ അടിസ്ഥാനമാക്കിയാണ് ടി മദ്യം വില്പനശാലകളിൽ നല്കി വരുന്നത്. |

(ഇ) ബിവറേജസ് കോർപ്പറേഷന്റെ ഈ നടപടി മദ്യവർജ്ജനത്തെ എപ്രകാരമാണ് പ്രോത്സാഹിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ഇ) മദ്യവർജ്ജനത്തിന് ഊന്നൽ നല്കുന്ന മദ്യനയമാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. ബിവറേജസ് കോർപ്പറേഷന്റെ ഈ നടപടികളെല്ലാംതന്നെ സ്വീകരിക്കുന്നത് ബ<u>ഹു</u>.ഹൈക്കോടതിയുടെ നിരീക്ഷണത്തിൽ ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യങ്ങൾ നല്കണമെന്നതിന്റെ അടിസ്ഥാനത്തിലാണ്.

Sreedevi

സെക്ഷൻ ഓഫീസർ